**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3374** **26-06-2024 - ൽ മറുപടിയ്ക്ക്**

**വി.എച്ച്.എസ്.ഇ വൊക്കേഷണൽ ഇൻസ്ട്രക്ടർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ വൊക്കേഷനൽ ഇൻസ്ട്രക്ടറുടെ വിരമിച്ച ഒഴിവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെ നിയമിക്കാത്തത് മൂലം വിദ്യാർത്ഥികളുടെ സ്കിൽ പഠനത്തിൽ ഉണ്ടാകുന്ന പോരായ്മ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | ദേശീയ തൊഴിൽ നൈപുണ്യ പാഠ്യപദ്ധതിക്കനുസൃതമായ (NSQF) തസ്തികകൾ സംസ്ഥാനത്തെ സ്കൂളുകളിൽ നിശ്ചയിക്കുന്നതുവരെ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമന നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. 28.10.2021 -ലെ സ.ഉ (കൈ) നം. 242/2021/പൊ.വി.വ. പ്രകാരം കേരളത്തിലെ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ വൊക്കേഷണൽ ടീച്ചർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് താത്ക്കാലികമായി നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരായി സ്ഥിരനിയമനം ലഭിച്ചിട്ടുള്ളവർ ബന്ധപ്പെട്ട വൊക്കേഷണൽ ടീച്ചറുമായി സംയോജിച്ച് സ്കിൽ കോഴ്സിലെ പ്രായോഗിക പരിശീലന ക്ലാസുകൾ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ യോഗ്യരായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് സ്ഥാനക്കയറ്റം ലഭ്യമാക്കുന്നതിൽ നിലവിൽ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? | (ബി) | വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ പ്രൊമോഷൻ തസ്തികയായ വൊക്കേഷണൽ ടീച്ചർ തസ്തികകളിലേക്കുള്ള നിയമനങ്ങൾ നിർത്തി വച്ചിരിക്കുന്നതിനാലാണ് സ്ഥാനക്കയറ്റം നൽകാനാകാത്തത്. |

സെക്ഷൻ ഓഫീസർ